# കാഴ്ചാജാലകം

## ഗവ.എൽ.പി.സ്കൂൾ കുമാരമംഗലം

ഹരിത വിദ്യാലയം

കുമാരമംഗലം: കുമാരമംഗലം ഗവ.എൽ .പി.സ്കൂളിൽ ഹരിത വിദ്യാലയ പദ്ധതിയുടെ ഭാഗമായി പച്ചക്കറി കൃഷി ആരംഭി ച്ചു .ഹെഡ് മാസ്റ്റർ ശ്രീ.ബിജോയ് ജോൺ സാർ പരിപാടി ഉദ്ഘാടനം ചെയ്തു .പൂർവ്വ വിദ്യാർത്ഥിയും റിട്ടേർഡ് ഹെഡ് മാസ്റ്ററുമായ കാസിംസാർ , പി.ടി.എ വൈസ്പ്രസിഡന്റ് , ശ്രീമതി .സജിനി സുഭാഷ് , പി.ടി.എ പ്രസിഡന്റ് ശ്രീ ഉല്ലാസ് കരുണാകരൻ. പി.ടി.എ അംഗങ്ങളായ ശ്രീമതി.ലേഖ,അനിത ഷൈനി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി അദ്ധ്യാപകരായ പി.ജി ഷാജിമോൻ .സുമ ടീച്ചർ, ലേഖ ടീച്ചർ എന്നിവർ പങ്കെടുത്തു



## വീട്ടിലൊരുകൃഷിത്തോട്ടം

കുമാരമംഗലം: ഞങ്ങൾക്കുമുണ്ടൊരു കൃഷി ത്തോട്ടം .കുട്ടികളുടെ വീടുകളിൽ പച്ചക്കറി കൃഷി ഒരുക്കുന്നതിന്റെ ഭാഗമായി എല്ലാകുട്ടികളും വീട്ടിലൊരു പച്ചക്കറി ത്തോട്ടം ഒരുക്കി കുട്ടികളുടെ പച്ചക്കറിത്തോട്ടത്തിന് രക്ഷിതാക്കളുടെ എല്ലാ സഹായവുമുണ്ട്.ഏറ്റവും നല്ലൊരു വിളവെടുപ്പിനായി കാത്തിരിക്കുകയാണ് കുട്ടികൾ .



## വീടൊരുവിദ്യാലയം

കുമാരമംഗലം: ഓൺലൈൻ സമയത്ത് കുട്ടികൾ ചെയ്ത പ്രവർത്തനങ്ങൾ അവരവരുടെവീടുകളിൽ ക്രമീകരിക്കുന്ന വീടൊരുവിദ്യാലയം എന്ന പ്രവർത്തനത്തിന് തുടക്കമായി .രക്ഷി-താക്കളുടെ സഹായത്തോടെക്ലാസ് ടീച്ചറിന്റെ നിർദ്ദേശപ്രകാരമാണ് കുട്ടികൾ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നത്.കഴിഞ്ഞ പാഠഭാഗ പ്രവർത്തനങ്ങൾ എപ്പോഴും കുട്ടികൾക്ക് കാണാൻ കഴിയുന്ന വിധമാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്













## സ്വാതന്ത്ര്യദിനാഘോഷം

കുമാരമംഗലം: സ്വാതന്ത്ര്യദിനാഘോഷംങ്ങളുടെ ഭാഗമായി കുമാരമംഗലം ഗവ.എൽ .പി.സ്കൂളിലും വിപുലമായ പരിപാടികൾ നടന്നു .പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പതാകഉയർത്തി . ഹെഡ് മാസ്റ്റർ ശ്രീ.ബിജോയ് ജോൺ സ്വാതന്ത്ര്യദിന സന്ദേശം നൽകി.പി.ടി.എ വൈസ് പ്രസിഡന്റ് ശ്രീമതി . സജിനി സുഭാഷ് സ്വാഗതവും ,സീനിയർ ടീച്ചർ ലേഖ.കെ. പി.നന്ദിയും പറഞ്ഞു. ഒട്ടേറെ രക്ഷിതാക്കൾ പരിപാടിയിൽ പങ്കെടുത്തു .ദേശീയഗാനത്തോടെ പരിപാടികൾ അവസാനിച്ചു .



# ഗാന്ധിജയന്തി ദിനാഘോഷം

കുമാരമംഗലം: കുമാരമംഗലം ഗവ.എൽ.പി.സ്കൂളിൽ ഗാന്ധിജയന്തി ദിനാഘോഷങ്ങളുടെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി പരിപാടി ഹെഡ് മാസ്റ്റർ ശ്രീ.ബിജോയ് സാർ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് ,വൈസ്പ്രസിഡന്റ് എല്ലാക്ലാസിൽ നിന്നുമുള്ള രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു . വാർഡുമെമ്പർ ശ്രീമതി ഉഷാ രാജശേഖരൻ സ്കൂളിലെത്തി പരിപാടികൽ നേരിട്ടുകണ്ട് വിലയിരുത്തി. ശുചീകരണ പ്രവർത്തനങ്ങൾക്കു ശേഷം എല്ലാവരും ഭക്ഷണം കഴിച്ച് പിരിഞ്ഞു .



